Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ട് - 2018-19 ആലത്തൂർ ജി.ജി.എച്ച്.എസ്.എസ് - ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 1 കോടി കിഫ്ബി ഫണ്ട് - 2018-19-1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട ജി.എച്ച്.എസ്. മുടപ്പല്ലൂർ, ജി.എച്ച്.എസ്. കുനിശ്ശേരി, ജി.യു.പി.എസ്. പുതിയങ്കം, ജി.എച്ച്.എസ്.എസ്. തേൻകുറിശ്ശി എന്നീ സ്കൂളുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ച് അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ജി.യു.പി.എസ്. പുതിയങ്കം - 2018-19 പ്ലാൻ ഫണ്ട് 1 കോടി പണി പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു. സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ്സുകൾ സ്മാർട്ട് ക്ലാസ്സ് റൂമിലേയ്ക്കുള്ള ഉപകരണങ്ങൾ കൈറ്റ് മുഖേനയാണ് സ്കൂളുകൾക്ക് നൽകിയിട്ടുള്ളത്. കൈറ്റ് എസ്.പി.വി. ആയി ആലത്തൂർ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. കിഴക്കഞ്ചേരിയെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 5 കോടി രൂപയുടെ നിർമാണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. പ്രസ്തുത സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 60 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. മണ്ഡലത്തിലെ എല്ലാ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കി. കൂടാതെ സെക്കണ്ടറി, ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, പ്രൈമറി സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് ലാബ് എന്നീ പദ്ധതിയിലുൾപ്പെടുത്തി 928 ലാപ്ടോപ്പ്, 520 മൾട്ടിമീഡിയ പ്രൊജക്ടർ, 327 സൗണ്ടിംഗ് കിറ്റ്, 98 വൈറ്റ് സ്ക്രീൻ, 31 43 ഇഞ്ച് ടെലിവിഷൻ, 32 മൾട്ടി ഫങ്ഷൻ പ്രിന്റർ, 32 ഡി.എസ്.എൽ.ആർ. ക്യാമറ, 32 വെബ് ക്യാം, 766 യു.എസ്.ബി. സ്പീക്കർ തുടങ്ങിയവ ലഭ്യമാക്കി. ഇതിനായി ഏകദേശം 4.8 കോടി രൂപ ചെലവഴിച്ചു.

എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തിക

184 (933) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഒരു ഇംഗ്ലീഷ് അദ്ധ്യാപകൻ പോലുമില്ലാത്ത എത്ര ഗവൺമെന്റ് സ്കൂളുകളുണ്ട് എന്ന് വ്യക്തമാക്കാമോ; ഏതൊക്കെ സ്കൂളുകൾ എന്നറിയിക്കാമോ?

37 സ്കൂളുകൾ ഉണ്ട്. ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഡി.ഡി. ഓഫീസിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

8 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കേരള പി.എസ്.സി.-യിൽ പ്രൊവിഷണലായി റിപ്പോർട്ട് ചെയ്ത എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിലെ 31 ഒഴിവുകൾ ഫൈനൽ വേക്കൻസിയായി മാറ്റുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23-3-2020-ലെ എംഎ 619/2020-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സിന്റെ അന്തിമ വിധിക്കനുസരിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

എറണാകുളം ജില്ലയിലെ അദ്ധ്യാപക നിയമനങ്ങൾ

185 (934) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഗവൺമെന്റ് എൽ.പി.എസ്.ടി. തസ്തികയിൽ അദ്ധ്യാപകരുടെയും പ്രൈമറി പ്രധാന അദ്ധ്യാപകരുടെയും എത്ര ഒഴിവുകൾ ഉണ്ടെന്ന വിവരം സ്കൂൾ തിരിച്ച് അറിയിക്കുമോ?

എൽ.പി. സ്കൂൾ ടീച്ചർ 178 ഒഴിവുകൾ, പ്രധാനാദ്ധ്യാപകരുടെ 116 ഒഴിവുകൾ. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) എൽ.പി.എസ്.ടി. തസ്തികയിലുള്ള ഈ ഒഴിവുകളിൽ എപ്രകാരം നിയമനം നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

ആകെ ഒഴിവുകളുടെ 10 ശതമാനം അന്തർജില്ലാ സ്ഥലംമാറ്റത്തിനും ആകെ അനുവദിക്കപ്പെട്ട തസ്തികകളുടെ 5 ശതമാനം കണക്കാക്കി ആയതിൽ കേഡർ നില അനുസരിച്ച് തസ്തികമാറ്റം മുഖേനയുള്ള നിയമനത്തിനായും നീക്കിവക്കേണ്ടതായിട്ടുണ്ട്. പി.എസ്.സി. വഴി നിയമന ശിപാർശ ലഭിച്ച്, നിയമന ഉത്തരവ് നൽകിയവർക്കും പി.എസ്.സി. നിയമന ശിപാർശ നൽകിയവർക്കും സ്കൂളുകളിൽ റഗുലർ ക്ലാസ്സുകൾ തുടങ്ങുന്നമുറയ്ക്ക് ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 2021 കലണ്ടർ വർഷം പ്രസ്തുത തസ്തികയിൽ നിയമന ശിപാർശ ലഭിച്ചവർക്ക് നിയമന ഉത്തരവ് യഥാസമയം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

നിയമന ശിപാർശ ലഭിച്ചവർക്ക് സ്കൂളുകളിൽ റഗുലർ ക്ലാസ്സുകൾ തുടങ്ങുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly